**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **317** **22.08.2017-** ൽ മറുപടിയ്ക്ക്

**<u>വൃദ്ധസദനങ്ങൾ, ശിശുമന്ദിരങ്ങൾ എന്നിവയുടെ നവീകരണം</u>**

**<u>ചോദ്യം</u>** **<u>മറുപടി</u>**

**ശ്രീ.ശ്രീ.സി.എഫ്.തോമസ്.**
**ശ്രീ.റോഷി അഗസ്റ്റിൻ.**
**ശ്രീ.പി.ജെ.ജോസഫ്.**
**ഡോ.എൻ.ജയരാജ്.**

**കെ.കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി).**

| | | | |
|---|---|---|---|
| (എ) | വൃദ്ധസദനങ്ങൾ, ശിശുമന്ദിരങ്ങൾ എന്നിവയുടെ നവീകരണത്തിന് നടപ്പ് സാമ്പത്തിക വർഷം എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 228 വൃദ്ധസദനങ്ങളും 682 ശിശുമന്ദിരങ്ങളും ഉൾപ്പെടെ 910 സ്ഥാപനങ്ങൾക്കാണ് സർക്കാർ ഗ്രാന്റിന് അർഹതയുള്ളത്. 228 വൃദ്ധസദനങ്ങളിലായി 8775 വയോജനങ്ങളേയും 682 ശിശുമന്ദിരങ്ങളിലായി 28811 കുട്ടികളേയും സംരക്ഷിച്ച് വരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങൾ, ശിശുമന്ദിരങ്ങൾ തുടങ്ങിയ ധർമ്മ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ബോർഡിംഗ് ഗ്രാന്റായി ഒരു അന്തേവാസിക്ക് പ്രതിമാസം 1000/-രൂപ നിരക്കിൽ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകി വരുന്നുണ്ട്. വൃദ്ധസദനങ്ങൾ, ശിശുമന്ദിരങ്ങൾ തുടങ്ങിയ ധർമ്മ സ്ഥാപനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം ഗ്രാന്റ് നൽകുന്നതിനായി 45,10,32,000/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. വൃദ്ധജനങ്ങളുടെ |

| | | | |
|---|---|---|---|
| | | | ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുള്ള 'സായംപ്രഭ' പദ്ധതിയുടെ കീഴിൽ നടപ്പ സാമ്പത്തിക വർഷം 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ക്ഷേമ സ്ഥാപനങ്ങളിലെ പരിരക്ഷാ നിലവാരം മെച്ചപ്പെടുത്തുക, സ്ഥാപനങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ വയോജന സൗഹൃദമാക്കുക, വൃദ്ധസദനങ്ങളിൽ യോഗ, മെഡിക്കൽ ക്യാമ്പ്, മ്യൂസിക് തെറാപ്പി, കൗൺസിലിംഗ് സേവനങ്ങൾ, ഉയർന്ന സാങ്കേതിക വിദ്യ സജ്ജീകരിച്ച ബെഡ്ഡുകൾ, വീൽ ചെയർ എന്നിവ പോലുള്ള ചലന സാമഗ്രികൾ വാങ്ങുക തുടങ്ങി വൃദ്ധസദനങ്ങളെ ഹൈടെക് രീതിയിലേയ്ക്ക് കൊണ്ടു വരിക എന്നീ കാര്യങ്ങൾ ലക്ഷ്യമിടുന്നു. നിലവിൽ പ്രവർത്തിച്ചു വരുന്ന പകൽ പരിപാലന കേന്ദ്രങ്ങൾ അപ്ഗ്രേഡ് ചെയ്ത് കൂടുതൽ സൗകര്യങ്ങളോടെ 'സായംപ്രഭ' ഹോമുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള ക്ഷേമസ്ഥാപനങ്ങളിൽ സംരക്ഷിച്ചിരിക്കുന്നവർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനും, നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ, നിയമങ്ങൾ തുടങ്ങിയവ സ്ഥാപനമേധാവികളെ അറിയിക്കുന്നതിനുമായി ജില്ലാതലത്തിൽ സ്ഥാപനനടത്തിപ്പുകാർക്കായി ഓറിയന്റേഷൻ |

| | | | |
|---|---|---|---|
| | | | ട്രെയിനിംഗ് പ്രോഗ്രാം ഈ സാമ്പത്തിക വർഷം ജില്ലകളിൽ നടത്തുകയുണ്ടായി. |
| (ബി) | സാമൂഹ്യ പ്രതിബദ്ധതയോടെ നല്ലനിലയിൽ പ്രവർത്തിക്കുന്നതും എന്നാൽ രജിസ്ട്രേഷൻ ലഭിച്ചിട്ടില്ലാത്തതുമായ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകാനും അവരെ സഹായിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ വയോജനങ്ങൾ, കുട്ടികൾ, മാനസിക വൈകല്യമുള്ളവർ, യാചകർ, വികലാംഗർ തുടങ്ങിയവരെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതും മേൽനോട്ടം വഹിക്കുന്നതും പ്രസ്തുത ക്ഷേമസ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതും ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസാണ്. അഗതികളെയും അനാഥരെയും സംരക്ഷിക്കുന്ന സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്. ആവശ്യമായ രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷയിന്മേൽ ജില്ലകളിൽ ചുമതലയുള്ള ഓർഫനേജ് കൺട്രോൾ ബോർഡ് അംഗം സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തി റിപ്പോർട്ട് ബോർഡിന് മുമ്പാകെ സമർപ്പിക്കും. ബോർഡ് യോഗം ചേർന്നാണ് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. നാല് വർഷത്തേയ്ക്കാണ് അംഗീകാരം നൽകുന്നത്. നാല് വർഷത്തിന് ശേഷം അംഗീകാരം പുതുക്കുന്നതിനായി സ്ഥാപനം വീണ്ടും അപേക്ഷ സമർപ്പിക്കണം. |

**സെക്ഷൻ ഓഫീസർ**